**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :181**

**03.02.2020 ൽ മറുപടിക്ക്**

**ഗുരുവായൂർ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുരളി പെരുനെല്ലി | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) ഗുരുവായൂർ പോലീസ് സ്റ്റേഷൻ കണ്ടാണശ്ശേരിയിൽ പ്രവർത്തനം ആരംഭിച്ചത് എന്ന് മുതലാണെന്ന് അറിയിക്കാമോ; | എ) 02.05.2013 തീയതി മുതലാണ് ഗുരുവായൂർ പോലീസ് സ്റ്റേഷൻ കണ്ടാണശ്ശേരിയിൽ പ്രവർത്തനം ആരംഭിച്ചത്. |
| ബി) പ്രസ്തുത പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഭൂമി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) ഗുരുവായൂർ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി ആളൂർ വില്ലേജിൽ സർവ്വേ നം. 240/1 ൽ ഉൾപ്പെട്ട 25 സെന്റ് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. |
| സി) പ്രസ്തുത സ്ഥലം പോലീസ് വകുപ്പിന് കൈമാറി കിട്ടിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | സി) പ്രസ്തുത സ്ഥലം പോലീസ് വകുപ്പിന് കൈമാറി ലഭിച്ചിട്ടില്ല. ടി സ്ഥലം പോലീസ് വകുപ്പിന് ലഭിക്കുന്നതിനായി തൃശ്ശൂർ ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലം മറ്റം സെന്റ് തോമസ് ഫെറോന ചർച്ചിന് കീഴിൽ പ്രവർത്തിക്കുന്ന സ്കൂളിന്റെ കളി സ്ഥലമാണെന്ന് കാണിച്ച് മറ്റം സെന്റ് തോമസ് ഫെറോന ചർച്ച്, മറ്റം സെന്റ് ഫ്രാൻസിസ് റീഡിങ്ങ് അസ്സോസിയേഷൻ എന്നിവർ ബഹു. ഹൈക്കോടതിയിൽ നമ്പർ 77/2019, 42459/2018 നമ്പറായി ഫയൽ ചെയ്ത റിട്ട് പെറ്റീഷനുകൾ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലുമാണ്. അതേ സമയം മറ്റ് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള അന്വേഷണവും നടന്നു വരുന്നു. |

| | |
|---|---|
| ഡി) പ്രസ്തുത സ്റ്റേഷനുള്ള കെട്ടിട നിർമ്മാണം എന്ന് ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ? | ഡി) പ്രസ്തുത ഭൂമിയുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയുടെ പരിഗണനയിൽ ഇരിക്കുന്ന കേസുകളിൽ തീരുമാനമായി ഭൂമി കൈമാറി ലഭിക്കുന്ന മുറക്ക് സ്റ്റേഷൻ കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ